**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 66** **27-06-2022 - ൽ മറുപടിയ്ക്ക്**

**സർക്കാരിന്റെ വാർഷികാഘോഷം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ വാർഷികാഘോഷത്തോടനുബന്ധിച്ച് സംസ്ഥാനത്ത് പ്രദർശന വിപണന മേളകൾ നടത്തിയിരുന്നോ; എങ്കിൽ എവിടെയെല്ലാം; | (എ) | സംസ്ഥാനസർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് എറണാകുളം ഒഴികെ മറ്റെല്ലാ ജില്ലകളിലും പ്രദർശന വിപണനമേളകൾ സംഘടിപ്പിച്ചിരുന്നു. |
| (ബി) | കണ്ണൂർ ജില്ലയിലെ മേള എന്നാണ് ആരംഭിച്ചത്; മറ്റ് സ്ഥലങ്ങളിൽ നിന്നും വ്യത്യസ്തമായി മേള നേരത്തേ ആരംഭിച്ചതിന്റെ കാരണം വിശദമാക്കുമോ; | (ബി) | മേള നൽകുന്ന സന്ദേശം കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് 2022 ഏപ്രിൽ 3 ന് കണ്ണൂരിൽ പ്രദർശന - വിപണനമേളയുടെ ഉദ്ഘാടനം നടത്തിയത്. തുടർന്ന് മറ്റു ജില്ലകളിലും പ്രദർശന - വിപണനമേളകൾ സംഘടിപ്പിക്കുകയായിരുന്നു. |
| (സി) | സർക്കാരിന്റെ വാർഷികാഘോഷത്തിനായി എത്ര തുക ചെലവഴിച്ചു; ഇനം തിരിച്ച് വ്യക്തമാക്കുമോ? | (സി) | ചെലവ് വിവരങ്ങൾ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ